ഈസ്റ്റർ: അതിജീവനത്തിന്റെ കരുത്ത്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തിരുനാളുകളുടെ തിരുനാളാണ് ഈസ്റ്റർ. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ളാദിക്കുവാനുള്ള അവസരം. ഉയിർപ്പുകാലത്തെ പ്രാർത്ഥനകളും ഗീതങ്ങളും ഈ ആഹ്ളാദത്തിന്റെ പ്രതിഫലനങ്ങളാണ്. ഈശോയുടെ ഉത്ഥാനം പാപത്തിന്റെയും മരണത്തിന്റേയും സാത്താന്റേയും മേലുള്ള വിജയമാണ്. തത്ഫലമായി ഭോഷത്വത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും, മഹത്വത്തിന്റെയും ചിഹ്നമായി മാറി (1കൊറി. 1:18–25). ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരമാണ്. നമ്മുടെ വിശ്വാസത്തിന്റെയും അടിസ്ഥാനം (1കൊറി. 15:12–19).

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും സംഭീതമായ ഒന്നാണ് മരണം. അതിന്മേൽ വിജയം വരിക്കാമെന്ന് മനുഷ്യാവതാരം ചെയ്ത ഈശോ നമ്മെ ബോധ്യപ്പെടുത്തുകയാണ് തന്റെ ഉയിർപ്പിലൂടെ. മറ്റു മത വിശ്വാസികൾ മരണശേഷമുള്ള ജീവിതത്തെക്കുറിച്ച് അവ്യക്തത പ്രകടമാക്കുമ്പോൾ, ക്രിസ്തുവിന്റെ ഉയിർപ്പ് എന്ന ചരിത്രസംഭവം ക്രൈസ്തവന് ജീവിതത്തിൽ ശക്തിയും, പ്രത്യാശയും പ്രദാനം ചെയ്യുന്നു. ''എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും'' (യോഹ. 11: 25). ക്രൈസ്തവരുടെ ജീവനും വിശ്വാസത്തിന്റെ അടിത്തറയും കർത്താവിന്റെ ഉയിർപ്പാണ്. ഈശോ ഉയിർത്തെഴുന്നേറ്റുയെന്നത് പഠിപ്പിക്കാനാണ് മദ്ബഹായിൽ ക്രൂശിതരൂപമില്ലാത്ത കുരിശ് പ്രതിഷ്ഠിക്കുക. നശിച്ചുപോകുന്ന ജഡമയമായ ചിന്തകളെയും പ്രലോഭനങ്ങളെയും പിൻതള്ളി അതിജീവനത്തിന്റെ കരുത്തും, സൗന്ദര്യവും, നന്മയും ആർജ്ജിക്കുവാൻ ഈസ്റ്റർ നമ്മെ പ്രേരിപ്പിക്കുന്നു. കർത്താവിന്റെ ഉയിർപ്പ് കത്തിജ്വലിക്കുന്ന ഒരു അനുഭവമായി മാറണം. ഈസ്റ്റർ ദിനത്തിൽ മാത്രം ഇതുണ്ടായാൽ പോരാ. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഇത് പ്രത്യാശയുടെ അവസ്ഥ എന്നും നല്കുന്നതാകണം. ഏതു നിരാശയുടെയും നടുവിൽ ഈശോയുടെ ഉയിർപ്പ് ക്രൈസ്തവന് തിന്മയ്ക്കുമേലുള്ള വിജയത്തിന്റെ നാന്ദിയാകണം. ഉയിർപ്പിന്റെ വെടി മുഴങ്ങുമ്പോൾ നമ്മുടെ മനസ്സിൽ സദാ ഉയിർത്തെഴുന്നേല്പിന്റെ അനുഭവം ഉണ്ടാകണം.

നമ്മുടെ കുടുംബങ്ങളെ ബാധിച്ചിരിക്കുന്ന ഭൗതികതയെ പരാജയപ്പെടുത്തേണ്ട കാലമാണിത്. ദൈവികത നമ്മുടെ കുടുംബങ്ങളിൽ നിന്നും വിട്ടുപോയത് വീണ്ടെടുക്കേണ്ട കാലം. ധനമോഹവും, ശാസ്ത്രീയ പുരോഗതിയും സാങ്കേതികവിദ്യകളിലുള്ള മുന്നേറ്റവും, മത്സരബുദ്ധിയും, ഉപഭോഗസംസ്കാരവും നമ്മുടെ സമൂഹത്തിൽ ദൈവസാന്നിദ്ധ്യവും, ദൈവികതയും അനുഭവമാക്കുവാൻ സാധിക്കാത്ത അന്തരീക്ഷം സൃഷ്ടിച്ചു. വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തി പ്രാർത്ഥനാജീവിതം കുടുംബങ്ങളിൽ കരുപ്പിടിപ്പിക്കണം. നന്മയും, പ്രസാദവും പൂർണ്ണതയുമുള്ള വ്യക്തികൾ വസിക്കുന്ന കുടുംബങ്ങളുണ്ടാകണം. പുനരുത്ഥാനത്തിരുനാൾ തിന്മകളുടെ അടിമത്വത്തിൽ നിന്നും നന്മയുടെ ഉദാത്ത അനുഭവങ്ങളിലേയ്ക്കുള്ള പുറപ്പാടനുഭവമാണ്. പ്രതികൂലങ്ങളുടെ മരുഭൂമിയാത്രയിൽ, ആശയും അഭിലാഷങ്ങളും നിറഞ്ഞുനില്ക്കുന്ന സ്വർഗ്ഗീയ കാനാൻ ലക്ഷ്യം വച്ചുള്ള തീർത്ഥാടനമാണ് ഈശോയുടെ ഉത്ഥാനം.

മ്ലേഛത കുമിഞ്ഞുകൂടിയ, പാപത്തിന്റെ ഭീകരതകൾ നിറഞ്ഞുനില്ക്കുന്ന കല്ലറകളിൽനിന്നും വിശുദ്ധിയുടെ നേർക്കാഴ്ചകളിലേയ്ക്ക് പുറപ്പെടുവാനുള്ള ആഹ്വാനം ഈസ്റ്റർ നല്കുന്നു. നിയന്ത്രണാതീതമായ ആസക്തികളിലൂടെയും, അതിരുകടന്ന മോഹങ്ങളിലുടെയും പാപവും, ശാപവും നമ്മിൽ എത്തുന്നു. ഇവകളെ തിരിച്ചറിയാനും വേറിട്ട് മനസ്സിലാക്കാനും നമുക്ക് കഴിയണം. പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും, പാഴായ വാഗ്ദാനങ്ങൾ നമ്മെ നിരാശപ്പെടുത്താതെ പരിശുദ്ധിയുടെ അനുഭവങ്ങൾ നുകർന്ന് മനസ്താപജന്യമായ ഹൃദയത്തോടെ അവയെ നേരിടണം. പാപത്തെ ലാളിച്ചും, പ്രോത്സാഹിപ്പിച്ചുമുള്ള നെട്ടോട്ടങ്ങൾ ആപൽ സന്ധികളെ വിളിച്ചുവരുത്തുമെന്ന് മറക്കരുത്.

മനുഷ്യത്വരഹിതമായ പെരുമാറ്റങ്ങൾ, ക്രൂരമായ വാക്കുകൾ, തെറ്റിദ്ധാരണകൾ എന്നിവ വഴി അപരന്റെ ഹൃദയത്തിൽ ഏല്പിച്ച ക്ഷതങ്ങൾ ഹൃദയമാകുന്ന കല്ലറയിലെ രൂക്ഷ ഗന്ധങ്ങളാണ്. പകപോക്കാനും കണക്കുതീർക്കാനും ഹൃദയാന്തർഭാഗത്തു നാം കരുതി വച്ചിരിക്കുന്ന മാരകായുധങ്ങൾ ഭീകരത ജനിപ്പിക്കുന്നു. ഇവയെ നമ്മൾ പരാജയപ്പെടുത്തേണ്ടത് ഈശോയുടെ ഉയിർപ്പിലുള്ള പങ്കുചേരൽ വഴിയാകണം. വാശി, വൈരാഗ്യം, വെറുപ്പ്, വിദ്വേഷം, അസൂയ, അഹങ്കാരം എന്നീ മാരകായുധങ്ങൾ നശിപ്പിക്കണം. കുടുംബത്തിന്റെയും വ്യക്തികളുടേയും ശ്രേയസ്സു നശിപ്പിക്കുന്ന മദ്യപാനം ഉപേ

ക്ഷിക്കണം. നമ്മുടെ ശരീരങ്ങളെ ദുരുപയോഗിക്കരുത്. നിങ്ങളുടെ ശരീരങ്ങളെ പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി കാണണം (1കൊറി. 6:19).

ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള മുറിപ്പാടുവീണ ബന്ധങ്ങൾ നേരെയാക്കണമല്ലോ. ബന്ധങ്ങളെ ഊട്ടി വളർത്തുന്ന നല്ല ദൈവികഭാവങ്ങൾ ഹൃദയത്തിൽ ഉദിച്ചുയരണം. രമ്യതയുടെയും എളിമയുടെയും സ്നേഹത്തിന്റെയും ആൾരൂപങ്ങളായി നമ്മൾ രൂപം പ്രാപിക്കണം. മനുഷ്യരോടെന്നപോലെ ജീവജാലങ്ങളോടും, പ്രകൃതിയോടും സമാധാനം സ്ഥാപിക്കണം. ചുറ്റുപാടുകളെ മലിനമാക്കുന്ന പ്രവണതകളിൽ നിന്നും മാറണം. ജീവശാസ്ത്രത്തിന്റെ താളം തെറ്റിക്കുന്ന ഹിംസാ പ്രവർത്തനങ്ങളിൽ നിന്നും, ധ്വംസനങ്ങളിൽ നിന്നും അകലുമല്ലോ.

ജീവന്റെ സംരക്ഷണം ഉയിർപ്പുതിരുനാളിന്റെ നട്ടെല്ലാണ്. ജീവൻ അതിന്റെ പൂർണ്ണതയിൽ സംരക്ഷിക്കുകയെന്നത് ഈസ്റ്റർ നല്കുന്ന മഹത്തായ സന്ദേശമാണ്. ജീവിക്കുവാനും ജീവിക്കാനുള്ള അവകാശം കാത്തുസൂക്ഷിച്ചും ജീവന്റെ ഉത്സവം ആഘോഷിക്കുക. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ ജീവന്റെ പരിപോഷണത്തിനും നിലനില്പിനും അത്യന്താപേക്ഷിതമാണ്. ക്വട്ടേഷൻ സംഘങ്ങളും, കൊലപാതകപരമ്പരകളും അരങ്ങുതകർക്കുന്ന ആധുനിക ജീവിത സാഹചര്യങ്ങൾ ഭയപ്പാടുകളാണ് ജനിപ്പിക്കുക. രക്തം ചിന്താനും, കഴുത്തറുക്കാനും, തച്ചുടയ്ക്കാനും മടിയില്ലാത്ത താൻപോരിമയുടെ തലമുറ ഭീകരത സൃഷ്ടിക്കുന്നത് നമ്മെ ഭയചകിതരാക്കുന്നു. സമാധാനപരമായ ജീവിതത്തേയും സഭ്യത ഊട്ടിവളർത്തുന്ന ജീവിതശൈലിയേയും വെല്ലുവിളിക്കുന്ന ഇക്കൂട്ടർ മരണസംസ്കാരം വാർത്തെടുക്കുന്നു. ഇത് ഈസ്റ്ററിന്റെ ചൈതന്യത്തിനു വിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ജീവന്റെ പരിപാവനതയും, ജീവിതത്തിന്റെ പവിത്രതയും ഉയർത്തിപ്പിടിക്കാൻ ക്രൈസ്തവ കുടുംബങ്ങൾക്കും വ്യക്തികൾക്കും സാധിക്കണം. മധുവിധുവിന്റെയും ലിംഗവ്യത്യാസത്തിന്റെയും പേരിൽ ഗർഭഛിദ്രം നടത്തുന്ന ദമ്പതികൾക്ക് എങ്ങനെ ഈസ്റ്റർ ആഘോഷിക്കാൻ സാധിക്കും. അവർ ഈസ്റ്ററിനെ ജീവന്റെ ഉത്സവമായി കാണണം. (യോഹ. 10:10). അതുവഴി ഉത്ഥാനത്തിന്റെ ആഘോഷം പുതുമകൾക്ക് പുതിയ മാനം നല്കട്ടെ. ത്യാജ്യ, ഗ്രാഹ്യ മനസ്ഥിതിയോടെ ബന്ധങ്ങളുടെ പോഷണത്തിനും സമൃദ്ധമായ ജീവന്റെ ആഘോഷത്തിനും ദൈവികതയുടെ പുന:സ്ഥാപനത്തിനും പ്രേരണ നല്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ളാദിക്കുവാനുള്ള അവസരമാണിത്.ഈ പുതുജീവൻ സ്വായത്തമാക്കുന്നവരാണ് വിശുദ്ധർ. അതുകൊണ്ടാണ് നമ്മുടെ ആരാധനക്രമത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ ഉയിർപ്പുകാലത്തെ ആദ്യത്തെ വെള്ളിയാഴ്ച ആഘോഷിക്കുക. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ ജ്ഞാനസ്നാനത്താൽ നാം മിശിഹായോടുകൂടി സംസ്ക്കരിക്കപ്പെട്ടു. ക്രിസ്തു മരണശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത്. (റോമ. 6:4-5) ഉയിർപ്പുകാലത്തെ ആദ്യ ആഴ്ച പുതിയതായി മാമ്മോദീസ സ്വീകരിക്കുന്നവരുടെ ആഴ്ചകൂടിയാണ്. നമ്മുടെ മാമ്മോദീസായുടെ ജീവിതത്തെപ്പറ്റി ധ്യാനിക്കുവാൻ നല്ല അവസരമാണ് ഉയിർപ്പുകാലം തരിക. അതുപോലെ കുരിശിന്റെ വിജയം ആഘോഷിക്കാനും ഈ കാലം ഉപകാരപ്പെടുത്താം. നമ്മുടെ സ്വർഗ്ഗാരോപണത്തിന്റെ നാന്ദിയായി ഈശോയുടെ സ്വർഗ്ഗാരോഹണവും നമുക്കു ചിന്താവിഷയമാക്കാം. എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

എന്ന്

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ,